**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **08-10-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽ വർഷങ്ങളായി അപേക്ഷ നൽകിയിട്ടും ആനുകൂല്യം ലഭിക്കാത്തവരുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | (ബി) സ.ഉ (എം.എസ്) നം.60/2012/സാക്ഷേവ തീയതി 11.10.2012 ലെ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത എന്നിവയ്ക്ക് പുറമെ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർധിക്കുന്നത് മൂലം അപേക്ഷകൾ തീർപ്പ കല്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്നും അപേക്ഷകർക്ക് സമയബന്ധിതമായി സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | (സി) അപേക്ഷകളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ